1480
29/11/20

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല-കൊടുങ്ങല്ലൂർ താലൂക്കിലെ പുല്ലൂറ്റ് ദേശത്ത് എടത്തിപറമ്പിൽ വീട്ടിൽ രാജേഷിന്റെ മക്കളായ മിഥുൻരാജ്, വിഷ്ണുരാജ്, യദുരാജ് എന്നിവർക്ക് തുല്യമായി വീതിച്ച നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായമായി ഒരു ലക്ഷം രൂപ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ. (ആർ.ടി.) നമ്പർ : **273/2020/റവ.** തിരുവനന്തപുരം, തീയതി, 21.01.2020.

==========================================

പരാമർശം:- 1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 3-07-2018-ലെ 425/18/TBR നമ്പർ ഉത്തരവ്.
2. തൃശ്ശൂർ ജില്ലാകളക്ടറുടെ 17.06.2019-ലെ കെ3-5267/2019 നമ്പർ കത്ത്.

## ഉത്തരവ്

കൊടുങ്ങല്ലൂർ താലൂക്കിലെ പുല്ലൂറ്റ് ദേശത്ത് എടത്തിപറമ്പിൽ വീട്ടിൽ രാജേഷിൻറെ കുടുംബത്തിനു സാമ്പത്തിക ബുദ്ധിമുട്ടു ഉള്ളതിനാലും താമസിക്കുന്നതിന് വീടും സ്ഥലവും ഇല്ലാത്തതിനാലും സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ രാജേഷിന്റ മകനായ യദുരാജ് അപേക്ഷ സമർപ്പിച്ചു.

2. 2003-ൽ കുടുംബ വഴക്കിനെ തുടർന്ന് രാജേഷ് തന്റെ ഭാര്യയെ കൊലപ്പെടുത്തുകയും ടിയാന് ജീവപര്യന്തം ജയിൽ ശിക്ഷ ലഭിച്ച് നിലവിൽ ജയിലിൽ കഴിഞ്ഞു വരുന്നതുമാണ്. ഇവർക്ക് 3 ആൺകുട്ടികളാണ് ഉള്ളത്. മിഥുൻരാജ്, വിഷ്ണുരാജ്, യദുരാജ് എന്നിവരാണ് മക്കൾ. അപേക്ഷകന്റെ മൂത്ത സഹോദരനായ മിഥുൻരാജ് പെയിന്റിംഗ് ജോലി ചെയ്തു വരുന്നു. വിഷ്ണുരാജ് പ്ലസ്ടുവിന് പഠിക്കുന്നു. അപേക്ഷകനായ യദുരാജ് റോഡ് സൈഡിൽ തുണിക്കച്ചവടം ചെയ്യുന്നു. മിഥുൻരാജും, യദുരാജും 10-ാം ക്ലാസ് വരെയേ പഠിച്ചിട്ടുള്ളൂ.

3. കുടുംബം നോക്കേണ്ട മാതാപിതാക്കൾ ഇല്ലാത്ത സാഹചര്യത്തിൽ ഇതുവരെ മൂന്നുപേരെയും സംരക്ഷിച്ചിരുന്നത് മുത്തച്ഛനായ മുരളീധരൻ ആയിരുന്നു. 2017-ലുണ്ടായ വാഹനാപകടത്തെ തുടർന്ന് അദ്ദേഹം മരണപ്പെടുകയും അതിന് ശേഷം മുത്തശ്ശിയായ തങ്കയോടൊപ്പം വാടകവീട്ടിലാണ് ഇവരുടെ താമസം. വാർദ്ധക്യസഹജമായ അസുഖങ്ങൾ മൂലം ശ്രീമതി തങ്ക ഇപ്പോൾ അവശതയിലാണ് ഇവർക്ക് സ്വന്തമായി ഭൂമി ഇല്ലാത്തതും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞു വരുന്നതുമാണ്. ഇവരുടെ കുടുംബ വാർഷിക വരുമാനം 24,000/- രൂപയാണ് . ജില്ലാ ശിശുസംരക്ഷണ ഓഫീസർ അന്വേഷണം നടത്തിയതിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ ഈ കുടുംബത്തിനെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സ്ഥലവും വീടും ഇല്ലാത്തതിനാൽ മൂന്നാം ഘട്ടത്തിൽ മാത്രമേ ഇവരുടെ അപേക്ഷയിൻമേൽ നടപടിക്രമങ്ങൾ ആരംഭിക്കുകയുള്ളൂവെന്നും തൃശ്ശൂർ ജില്ലാകളക്ടർ പരാമർശം 2 പ്രകാരം അറിയിക്കുകയും തുടർനടപടിക്കായി അഭ്യർത്ഥിക്കുകയും ചെയ്തു.

. . . 2/-

4. കുടുംബം സംരക്ഷിക്കേണ്ട അച്ഛനും അമ്മയും അപ്പപ്പനും നഷ്ടപ്പെട്ട് വരുമാനമൊന്നുമില്ലാതെ വാടക വീട്ടിൽ കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസവും വൃദ്ധയുടെ സംരക്ഷണവും കുടുംബത്തിന്റെ ജീവിക്കാനുള്ള അവകാശവും സംരക്ഷിക്കാൻ സർക്കാർ നടപടി അനിവാര്യമാണെന്ന് ബഹു. മനുഷ്യാവകാശ കമ്മീഷൻ പരാമർശം ഒന്ന് പ്രകാരം ഉത്തരവായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്ലസ്ടുവിന് പഠിക്കുന്ന വിഷ്ണുരാജിനെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ സാമൂഹ്യനീതി വകുപ്പിനോട് നിർദ്ദേശിച്ചുകൊണ്ടും വൃദ്ധയായ മുത്തശ്ശിയോടൊപ്പം വാടകവീട്ടിൽ കഴിയുന്ന സഹോദരങ്ങളായ മിഥുൻരാജ്,വിഷ്ണുരാജ്, യദുരാജ് എന്നീ മൂന്ന്പേർക്കുമായി തുല്യമായി വീതിച്ച് നൽകുന്നതിനായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1 ലക്ഷം രൂപ തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. വിതരണത്തിനാവശ്യമായിവരുന്ന 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാകളക്ടർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ.
യദുരാജ്, S/o രാജേഷ്, എടത്തിപറമ്പിൽ വീട്ടിൽ, പുല്ലൂറ്റ് ദേശം, കൊടുങ്ങല്ലൂർ, തൃശ്ശൂർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.